# തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

പ്രസിദ്ധീകരണത്തിന്, **12.05.2025**

## മേയറുടെ അദാലത്തിലേയ്ക്കുള്ള അപേക്ഷ മെയ് 19 വരെ സ്വീകരിക്കും

തിരുവനന്തപുരം നഗരസഭ മേയറുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിക്കുന്ന പരാതി പരിഹാര അദാലത്തിലേയ്ക്കുള്ള അപേക്ഷ മെയ് 19 വരെ സ്വീകരിക്കും.

അദാലത്ത് അപേക്ഷാഫോം നഗരസഭ മെയിൻ ഓഫീസ്, മേഖലാ കാര്യാലയങ്ങൾ എന്നിവിടങ്ങളിൽനിന്നും കൈപ്പറ്റാവുന്നതാണ്. നഗരസഭ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതുമാണ്.

പൂരിപ്പിച്ച അപേക്ഷകൾ നഗരസഭ മെയിൻ ഓഫീസ്, മേഖലാ കാര്യാലയങ്ങൾ എന്നിവിടങ്ങളിൽ നേരിട്ട് സമർപ്പിക്കാവുന്നതും tvmmayoronline@gmail.com എന്ന ഇ-മെയിലിലേയ്ക്കും 9447377477 എന്ന മേയറുടെ ഔദ്യോഗിക വാട്സ് ആപ്പ് നമ്പരിലേയ്ക്കും പൂരിപ്പിച്ച ഫോമുകൾ അയ്ക്കാവുന്നതാണ്.

ലഭ്യമാകുന്ന അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ജൂൺ ആദ്യവാരം അദാലത്ത് നടത്തി തീർപ്പാക്കുന്നതാണ്.

Sd/-
**പി എ ടു മേയർ**